"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്- നിലവിലെ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീന് പകരം പുതിയ മെഷീന് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.206/2024/LSGD തീയതി,തിരുവനന്തപുരം, 24-01-2024

---

പരാമർശം:- 1. 04.01.2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 2.1 (4.84)

2.

3.

**ഉത്തരവ്**

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് 2017-18ൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി കൈപറമ്പ് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് ആരംഭിച്ചിരുന്നു. ഇതിന്റെ ഭാഗമായി 4,54,000 രൂപ മുടക്കി പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ചു. 1,62,000 രൂപ ഇതുവരെ പ്രതിവർഷ അറ്റകുറ്റപ്പണിക്കായി ചെലവഴിച്ചിട്ടുണ്ട് എന്നും ഈ മെഷീന്റെ 6 ബ്ലേഡുകൾ പലതവണ മാറ്റിയെങ്കിലും പ്ലാസ്റ്റിക് പൊടിക്കാനാകുന്നില്ല എന്നും അതിനാൽ നിലവിലെ മെഷീൻ കണ്ടം ചെയ്ത് പുതിയ മെഷീൻ വാങ്ങാൻ അനുമതി നൽകണമെന്നുമുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം പരിഗണിക്കുകയും, ക്ലീൻ കേരള കമ്പനി മുഖേനയാണോ മെഷീൻ വാങ്ങിയത്, നിലവിലെ മെഷീനിന്റെ ടെക്നിക്കൽ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, മെഷീൻ പല പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയിട്ടും പ്രവർത്തിക്കാൻ കഴിയാത്തതിന്റെ കാരണം എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ ക്ലീൻ കേരള മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിന്നു.

ക്ലീൻ കേരള മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് 04.01.2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും തീരുമാനം നമ്പർ 2.1 (4.84) പ്രകാരം ക്ലീൻ കേരള മാനേജിംഗ് ഡയറക്ടർ ശുപാർശ ചെയ്തതുപോലെ ജില്ലയിൽ രൂപീകരിച്ചിരിക്കുന്ന ടെക്നിക്കൽ ടിമിനെയോ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗത്തെയോ ഉപയോഗിച്ച് ടെക്നിക്കൽ ഇവാല്യുവേഷൻ നടത്തിയശേഷം ഇവരുടെ ശുപാർശയോടെ പുതിയ മെഷീൻ വാങ്ങാൻ അനുമതി നൽകുവാനും സൂചന (1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല സാങ്കേതിക സഹായ സമിതിയെയോ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗത്തെയോ ഉപയോഗിച്ച് ടെക്നിക്കൽ ഇവാല്യുവേഷൻ നടത്തിയശേഷം ഇവരുടെ ശുപാർശയോടെ പുതിയ മെഷീൻ വാങ്ങാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മാലിന്യം വേർതിരിക്കുന്നതിൽ ശ്രദ്ധ നൽകാനും ഷ്രെഡിംഗ് മൂലം പരിസര മലിനീകരണം ഉണ്ടാകാതിരിക്കാൻ ക്രമീകരണം ചെയ്യുവാനും മെഷിൻ കേടാകാതെ നോക്കാനും മെഷീൻ പ്രവർത്തിപ്പിക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകാനും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
സെക്രട്ടറി, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്,പ്ലാനിംഗ് ബോർഡ്,പട്ടം,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 25-01-2024 11:08:26
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്